**പതിനാലാം കേരളനിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.913** 28/04/2017 -ൽ മറുപടിയ്ക്ക്

**എസ്.എസ്.എൽ.സി. പരീക്ഷയുടെ നടത്തിപ്പിൽ വീഴ്ച**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ബഷീർ : | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് 2017 മാർച്ചിൽ നടന്ന എസ്.എസ്.എൽ.സി. പരീക്ഷയുടെ നടത്തിപ്പിൽ എന്തെങ്കിലും വീഴ്ചകൾ ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) 20.03.2017 ൽ നടന്ന ഗണിതശാസ്ത്ര പരീക്ഷയുമായി ബന്ധപ്പെട്ട പരീക്ഷാ ചോദ്യപേപ്പറിന് ഒരു സ്വകാര്യ സ്ഥാപനം ഇറക്കിയ ചോദ്യപേപ്പറുകളുമായി ബന്ധമുണ്ട് എന്നുള്ള വിവാദത്തിന്റെ അടിസ്ഥാനത്തിൽ പരീക്ഷാ ജോയിന്റ് കമ്മീഷണർ അന്വേഷണം നടത്തി സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിന്മേൽ പ്രസ്തുത പരീക്ഷ റദ്ദ് ചെയ്തുകൊണ്ട് 30.03.2017 ന് ഗണിതശാസ്ത്രത്തിന്റെ പുന:പരീക്ഷ നടത്തുകയുണ്ടായി. |
| (ബി) ചോദ്യപ്പേപ്പർ ചോർന്നു എന്നതിന്റെ പേരിൽ പരീക്ഷ വീണ്ടും നടത്താനുണ്ടായ സാഹചര്യം എന്തായിരുന്നു; വിശദമാക്കുമോ; ചോദ്യപേപ്പർ ചോർച്ചയുമായി ബന്ധമുള്ള അധ്യാപകർ ആരെല്ലാമായിരുന്നു; കുറ്റക്കാർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) 2017 ലെ എസ് എസ് എൽ സി ചോദ്യപേപ്പർ ചോർന്നിട്ടില്ല. 20.03.2017 ൽ നടന്ന ഗണിതശാസ്ത്ര പരീക്ഷയുടെ ചോദ്യപേപ്പറിലെ ചില ചോദ്യങ്ങൾക്ക് ഒരു സ്വകാര്യ സ്ഥാപനം ഇറക്കിയ ചോദ്യപേപ്പറുകളുമായി ബന്ധമുണ്ട് എന്നുള്ള ആരോപണത്തിന്റെ അടിസ്ഥാനത്തിൽ പരീക്ഷാ ജോയിന്റ് കമ്മീഷണർ അന്വേഷണം നടത്തി സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിന്മേൽ പ്രസ്തുത പരീക്ഷ റദ്ദ് ചെയ്യുകയും 30.03.2017 ന് ഗണിതശാസ്ത്രത്തിന്റെ പുന:പരീക്ഷ നടത്തുകയുമുണ്ടായി.<br><br>20.03.2017 ന് നടന്ന റദ്ദ് ചെയ്ത ഗണിതശാസ്ത്ര പരീക്ഷയുടെ ചോദ്യപേപ്പർ തയ്യാറാക്കിയത് ജി.ഡബ്ല്യൂ എച്ച് എസ് എസ്, ചെറുകുന്നിലെ അദ്ധ്യാപകനായ ശ്രീ.ജി.സുജിത്ത് |

കുമാർ ആയിരുന്നു. ഇതിന്റെ ചെയർമാനായി നിയമിക്കപ്പെട്ടിരുന്നത് ശ്രീ.കെ.ജി.വാസു (റിട്ട. എ ഇ ഒ) ആയിരുന്നു.

പൊതുവിദ്യാഭ്യാസ സെക്രട്ടറി നടത്തിയ പ്രാഥമിക അന്വേഷണത്തിൽ ശ്രീ.സുജിത്ത് കുമാറിനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയുണ്ടായി.

(സി) ചോദ്യപേപ്പർ തയ്യാറാക്കുന്നതിനുള്ള പാനൽ തയ്യാറാക്കുന്നത് ആരാണ്; ഇതിലേക്ക് അധ്യാപകരെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

(സി) എസ് സി ഇ ആർ റ്റി ഡയറക്ടർ തയ്യാറാക്കുന്ന പാനലിൽ നിന്നാണ് ചെയർമാനെയും, ചോദ്യപേപ്പർ നിർമ്മാതാക്കളെയും തെരഞ്ഞെടുക്കുന്നത്.

പാഠപുസ്തക രചന, അദ്ധ്യാപക പരിശീലനങ്ങൾ എന്നിവയിൽ പങ്കെടുത്ത് വൈദഗ്ധ്യം തെളിയിച്ചവരുടെ പേരുവിവരങ്ങളാണ് പാനൽ എന്ന നിലയിൽ എസ് സി ഇ ആർ റ്റി യിൽ നിന്ന് നൽകി വരുന്നത്. സർവ്വീസിൽ ഉള്ളവരും വിരമിച്ചവരും പാനലിൽ ഉൾപ്പെടാറുണ്ട്. എന്നാൽ പത്താം ക്ലാസിൽ പഠിപ്പിച്ചു കൊണ്ടിരിക്കുന്നവരെ പാനലിൽ ഉൾപ്പെടുത്താറില്ല.

സെക്ഷൻ ഓഫീസർ